ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കും സ്റ്റാഫിനുമുള്ള പെൻഷൻ	44.39 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.	
കൈത്തറി	24.55	,,
തൊഴിൽരഹിത വേതനം	1392.76	,,
കയർ തൊഴിലാളി പെൻഷൻ	165	,,
വിധവാ പെൻഷൻ	1682.95	,,
വികലാംഗർ	1303.50	,,
വാർദ്ധക്യകാല പെൻഷൻ	306.98	,,
അവിവാഹിതകളും 50 വയസ്സിന് മുകളിലുമുള്ള സ്ത്രീകൾക്കുള്ള ധനസഹായം	118.10	,,

LIBRARY ARCHIVES Kerala Legislative Assembly

വിവിധ പെൻഷൻ പദ്ധതികളിലെ കുടിശ്ശിക

9 [183] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലാ വേതനം, കയർ, കൈത്തറി, കശുവണ്ടി, കർഷക തൊഴിലാളി, വിധവ, വികലാംഗർ, മത്സ്യത്തൊഴിലാളി എന്നീ വിഭാഗത്തിൽ പെട്ടവർക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിലും എത്ര തുക വീതം നൽകാനുണ്ട്;

(സി) പ്രസ്തുത തുക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)	തൊഴിലില്ലാ വേതനം	27	മാസത്തെ കുടിശ്ശികയുണ്ട്
	കയർ	30	,,
	കൈത്തറി	9	,,
	കശുവണ്ടി	16	,,
	കർഷകത്തൊഴിലാളി	23	,,
	വിധവ	4	,,
	വികലാംഗർ	2	,,
	മത്സ്യത്തൊഴിലാളി	8	,,
(ബി)	തൊഴിലില്ലാ വേതനം	12550.78	ലക്ഷം രൂപ
	കയർ തൊഴിലാളി പെൻഷൻ	1650	,,
	കൈത്തറി	74.32	,,
	കശുവണ്ടി	236.74	,,
	കർഷകത്തൊഴിലാളി	16462	,,
	വിധവ	867.95	,,
	വികലാംഗർ	296.37	,,
	മത്സ്യത്തൊഴിലാളി	269	,,

(സി) ഘട്ടം ഘട്ടമായി ഈ പെൻഷൻ കുടിശ്ശികകൾ കൊടുത്തു തീർക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

പദ്ധതി-പദ്ധതിയേതര ചെലവുകൾ

10 [185] ഡോ: തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 മുതൽ 2004-2005 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്ര; പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക പാഴാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly